**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2746 17.06.2019-ലെ മറുപടി**

**ശുദ്ധജലം സംരക്ഷിക്കുന്നതിന് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ .വി.ടി.ബൽറാം | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കുടിവെള്ളം പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും മലിനമാക്കുന്നതും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) | കുടിവെള്ളം പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും മലിനമാക്കുന്നതും സംബന്ധിച്ച് പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും, കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. വാട്ടർ കണക്ഷനുകൾ എടുത്തിട്ടുള്ള ഉപഭോക്താക്കളിൽ, വളരെ കാലമായി മീറ്റർ പ്രവർത്തിക്കാത്തവർക്ക് കണക്ഷൻ വിച്ഛേദിക്കുമെന്ന മുന്നറിയിപ്പ് നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. വാട്ടർ കണക്ഷനുകളിലൂടെ നൽകുന്ന ജലത്തിന്റെ ദുരുപയോഗം കണ്ടെത്തി നടപടി എടുക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിനു പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ വകുപ്പ് എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്. |
| ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശുദ്ധജലം സംരക്ഷിക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ